**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**2020 ഫെബ്രുവരി 12, ബുധൻ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

# മെഡിസെപ് പദ്ധതി നടപ്പിലാക്കുവാനുള്ള കാലതാമസം

**ചോദ്യം : 2312**
**ശ്രീ.ടി.എ.അഹമ്മദ് കബീർ**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രഖ്യാപനം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാത്തത് സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണോ; വ്യക്തമാക്കാമോ; | ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15.07.2019 ലെ സ.ഉ(പി)നം.87/2019/ധന ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് പദ്ധതി നടത്തിപ്പിനായി നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെൻഡറിനു മുന്നോടിയായി 15.07.2019 ലെ സ.ഉ(പി)നം 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ / സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവിൽ പദ്ധതി ഏറ്റെടുക്കുന്നതിന് ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനികൾ താൽപര്യപത്രം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | മെഡിസെപ് പദ്ധതിയുടെ റീ-ടെൻഡറിനു മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ച് വരുന്നു. റീ-ടെൻഡർ നടപടികളുടെ ഭാഗമായി **IRDAI** നിബന്ധനകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ വിവിധ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**